പുറത്തെഴുത്തു ഉത്തരവ് നമ്പർ:
ഡി ജി ഇ/7756/2025-എച്ച് 2

NO TO DRUGS

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 20-05-2025

11/05/2025 ലെ പൊതു വിദ്യാഭ്യാസം-ജെ ആർ1/502/2023-പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, ഭിന്നശേഷിക്കാർക്കായി മാനേജർമാർ ഒഴിവുകൾ മാറ്റി വയ്ക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് പ്രസ്തുത ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ഇതിനോടകം പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ നിയമനാംഗീകാരവും ആനുകൂല്യങ്ങളും നൽകാവുന്നതാണ് എന്നും ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അവർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവ് മുൻകാല പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല എന്നും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട് എന്ന കാരണത്താൽ ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനങ്ങൾ വൈകിപ്പിക്കുവാൻ പാടുള്ളതല്ലായെന്നും, ബോധപൂർവ്വം ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനങ്ങൾ വൈകിപ്പിക്കുന്ന മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും സർക്കാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പ്രസ്തുത സർക്കാർ കത്തിന്റെ പകർപ്പ്, അറിവിലേക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കുമായി എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും നൽകുന്നു. പ്രസ്തുത സർക്കാർ കത്തിലെ നിർദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട്, ഭിന്നശേഷിക്കാർക്കായി മാനേജർമാർ ഒഴിവുകൾ മാറ്റി വയ്ക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, അത്തരം സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുവാൻ പ്രസ്തുത ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാനും അംഗീകാരം നൽകി അർഹമായ വേതനം ലഭ്യമാക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുന്നു.

പെൻ [illegible]450 889
Signed by
R S Shibu
Date: 20-05-2025 08:36:04
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

(1) എല്ലാ ഹയർ സെക്കന്ററി ആർ.ഡി.ഡി മാരും
(2) എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി എ.ഡി മാരും

(3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

(4) എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:-

(1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾ
(അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

(2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
(അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

(3) സൂപ്രണ്ട്, ഇ, എഫ്, ജി, ഇ.സി, ഇ.എം, ഇ.റ്റി, ആർ.എ, ഐ.ഇ.ഡി, എൻ.ഇ.പി, എം വിഭാഗങ്ങൾ (അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര
( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

നമ്പർ.GE-JR1/502/2023-G.EDN 11-05-2025,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - ഭിന്നശേഷി സംവരണത്തിനായി വിട്ടു നൽകിയ തസ്തികകളിൽ, ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുവരെ ദിവസവേതന നിയമനം നടത്തുന്നത് സ്പഷ്ടീകരണം- നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10.02.2025 തീയതിയിലെ ഡി.ജി.ഇ/7756/2024-H22 നമ്പർ കത്ത്.

സൂചനയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. വിദ്യാർത്ഥികളുടെ അക്കാദമിക താല്പര്യം മുൻ നിർത്തി ഭിന്നശേഷിക്കാർക്കായി മാനേജർമാർ ഒഴിവുകൾ മാറ്റി വയ്ക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അത്തരം ഒഴിവുകൾ താൽക്കാലികമായി മാത്രവും ബഹു. സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഭിന്നശേഷി വിഷയത്തിൽ നിലവിലുള്ള ഹർജികളുടെ തീർപ്പിനും വിധേയമായിരിക്കും എന്ന വ്യവസ്ഥയിലും ദിവസവേതനത്തിൽ നികത്തുവാനും, മുൻകാലങ്ങളിൽ ഇത്തരത്തിൽ നടത്തിയ ദിവസവേതന നിയമനങ്ങൾ ക്രമപ്രകാരമാണെങ്കിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ അംഗീകരിച്ചു നൽകുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദേശം നൽകുന്നത് ഉചിതമായിരിക്കും എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. ഭിന്നശേഷിക്കാർക്കായി മാനേജർമാർ ഒഴിവുകൾ മാറ്റി വയ്ക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് പ്രസ്തുത ഒഴിവുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ അനുമതി നൽകുന്നു. ഇതിനോടകം പ്രസ്തുത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ നിയമനാംഗീകാരവും ആനുകൂല്യങ്ങളും നൽകാവുന്നതാണ്. ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അവർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവ് മുൻകാലപ്രാബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട് എന്ന കാരണത്താൽ ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനങ്ങൾ വൈകിപ്പിക്കുവാൻ പാടുള്ളതല്ലായെന്നും, ബോധപൂർവ്വം ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനങ്ങൾ വൈകിപ്പിക്കുന്ന മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 13-05-2025 12:12:43